തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

**ഒന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**ജൂൺ - 2022**

# MUFS 10106

**എം. എ. ചലച്ചിത്രപഠനം**

# ദൃശ്യസംസ്കാരം

സമയം: 3 മണിക്കൂർ മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. ഉപസംസ്കാരം
2. സുകുമാരകലകളും പ്രായോഗിക കലകളും
3. ദൃശ്യസാക്ഷരത
4. സാംസ്കാരിക സ്തംഭനം
5. ഹാപ്പെനിങ്ങ്

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. 'ദാദായിസം' എന്ന പ്രസ്ഥാനത്തിന്റെ പ്രധാന സവിശേഷതകൾ എന്തെല്ലാം
7. സെൽഫി സംസ്കാരത്തെ നിലവിലുള്ള സാമൂഹ്യ മാധ്യമ ഉപഭോഗത്തിന്റെ പരിപ്രേക്ഷ്യത്തിൽ വിവരിക്കുക.
8. ഫെമിനിസ്റ്റ് കലയെ കുറിച്ച് ഒരു ലഘുവിവരണം തയ്യാറാക്കുക.
9. ഫീൽഡ് തിയറി എന്നാലെന്ത് വിശദീകരിക്കുക.
10. ഇന്ത്യൻ കലാചരിത്രത്തിൽ ആധുനികതയുടെ ആരംഭത്തെക്കുറിച്ച് വിവരിക്കുക.
11. സംസ്കാരത്തിന്റെ പുരോഗമനത്തിന് ദൃശ്യസാക്ഷരത അത്യന്താപേക്ഷിതമാണ്. എന്തുകൊണ്ട്?
12. ഇൻസ്റ്റലേഷൻ ആർട്ട് എന്നാലെന്ത്?



13. ദൃശ്യരൂപകൽപനയുടെ ഏതെങ്കിലും മൂന്നു ഘടകങ്ങളെ ഉദാഹരണസഹിതം വിശദീകരിക്കുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. ആഗോളവത്ക്കരണം ഭാരതത്തിലെ ഉപഭോഗ സംസ്കാരത്തെയും ദൃശ്യസംസ്കാരത്തെയും എങ്ങനെ സ്വാധീനിച്ചു എന്നു വിശദമാക്കുക.
15. ദൃശ്യരൂപകൽപനയുടെ തത്ത്വങ്ങളെ വിവരിക്കുക.
16. ഏതെങ്കിലും രണ്ട് പാശ്ചാത്യ ദൃശ്യകലാപ്രസ്ഥാനങ്ങളെ ഉദാഹരണസഹിതം വിശദീകരിക്കുക.

******

തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

**ഒന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**ജൂൺ - 2022**

# MUFS 10107

**എം. എ. ചലച്ചിത്രപഠനം**

# ചലച്ചിത്രവും
# മാധ്യമ പരിപ്രേക്ഷ്യങ്ങളും

സമയം: 3 മണിക്കൂർ　　　　　　　　മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. മാസ് (Mass) എന്ന സങ്കൽപനം
2. മ്യൂസിക്കൽസ് (Musicals)
3. മാധ്യമ സമൃദ്ധി സിദ്ധാന്തം (Media Richness theory)
4. കൺവേർജൻസ് (Convergence)
5. മാധ്യമ ആകലത (Media Malaise)

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. ചലച്ചിത്രത്തിന്റെ വിവിധ ഴാനറുകളെ (genre) ലഘുവായി വിവരിക്കുക.
7. പരിമിത പ്രഭാവമാതൃക (Limited Effects Paradigm) മുന്നോട്ടു വയ്ക്കുന്ന ആശയങ്ങൾ എന്തെല്ലാം?
8. ടെക്നോളജിക്കൽ ഡിറ്റർമിനിസം (Technological Determinism) എന്നാലെന്ത്?
9. പുതുമയുടെ വ്യാപനത്തെ (Diffusion of Innovation) ഉദാഹരണസഹിതം വിശദീകരിക്കുക.
10. പ്രചാരണപ്രസ്ഥാന മാതൃക (Propoganda Model) എന്നാലെന്ത്? വിശദമാക്കുക.
11. ഉപയോഗവും ചാരിതാർത്ഥ്യവും (Uses and Gratifications) പ്രേക്ഷക കർത്തൃത്വത്തെ (Active audience) എങ്ങനെയെല്ലാം വിവരിക്കുന്നു?



12. “മാധ്യമങ്ങൾ പലപ്പോഴും പ്രേക്ഷകരെ സ്വാധീനിക്കുകയും അഭിപ്രായങ്ങളെ നിർമ്മിക്കുകയും ചെയ്യുന്നു. പക്ഷേ സത്യം പലപ്പോഴും മാധ്യമ വാർത്തകൾക്കിടയിലും വാക്കുകൾക്കിടയിലും നഷ്ടപ്പെടുന്നു.” ഈ അഭിപ്രായം സൈദ്ധാന്തിക പരിപ്രേക്ഷ്യത്തിൽ പരിശോധിക്കുക.
13. പ്രേക്ഷകാഭിപ്രായ രൂപീകരണത്തിൽ മാധ്യമങ്ങൾ നടത്തുന്ന സ്വാധീനം ഫ്രെയ്മിങ്ങ്, അജണ്ട സെറ്റിങ്ങ് സിദ്ധാന്തങ്ങളുടെ പശ്ചാത്തലത്തിൽ വിവരിക്കുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. “സമൂഹത്തെ തെറ്റിദ്ധരിപ്പിക്കുന്ന കൃത്രിമ വാർത്തകളും അർദ്ധസത്യങ്ങളും ഇന്ന് മാധ്യമങ്ങളിൽ നിറഞ്ഞിരിക്കുന്നു. ഇവ പ്രേക്ഷകർക്കിടയിലെ മാധ്യമങ്ങളിലുള്ള വിശ്വാസത്തെ ബാധിക്കുന്നു.” ഈ അഭിപ്രായം പരിശോധിക്കുക.
15. മാധ്യമങ്ങളിലെ അക്രമചിത്രീകരണങ്ങൾ പ്രേക്ഷകരെ ബാധിക്കുന്നത് എങ്ങനെയെന്ന് ഏതെങ്കിലും സിദ്ധാന്തത്തിന്റെ പരിപ്രേക്ഷ്യത്തിൽ വിശദീകരിക്കുക.
16. ക്രിയാത്മകമായ കലാചിത്രീകരണത്തെ നിലവിലെ ഗേറ്റ്കീപ്പിങ്ങ് സമ്പ്രദായങ്ങൾ ബാധിക്കുന്നതെങ്ങനെയെന്നു ചലച്ചിത്രനിർമ്മാണത്തിന്റെ പശ്ചാത്തലത്തിൽ വിവരിക്കുക.

******

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**ഒന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**ജൂൺ - 2022**

# MUFS 10108

**എം. എ. ചലച്ചിത്രപഠനം**

## ചലച്ചിത്രം വികാസപരിണാമങ്ങൾ

സമയം: 3 മണിക്കൂർ മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. കൈനെറ്റോ സ്കോപ്പ്
2. മൈസ് എൻ സീൻ (Mise - en - scene)
3. 'ദി ഗ്രേറ്റ് ട്രെയിൻ റോബെറി'
4. ഡെപ്ത് ഓഫ് ഫീൽഡ്
5. പേഴ്സിസ്റ്റൻസ് ഓഫ് വിഷൻ

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. ഡബ്ലിയു ഡി ഗ്രിഫിത്തിലൂടെ ചലച്ചിത്ര പരിണാമങ്ങളെ അടയാളപ്പെടുത്തുക.
7. ജോർജ് മെലീസ് എന്ന വിഖ്യാത ചലച്ചിത്രപ്രവർത്തകൻ ഫാന്റസി ചിത്രങ്ങളുടെ പിതാവായാണ് അറിയപ്പെടുന്നത്. അദ്ദേഹത്തിന്റെ ചലച്ചിത്ര ജീവിതവും സംഭാവനകളും രേഖപ്പെടുത്തുക.
8. 'ബെർത്ത് ഓഫ് എ നേഷൻ' എന്ന ചിത്രം ചലച്ചിത്ര വികാസവുമായി ബന്ധപ്പെട്ട് കിടക്കുന്നതെങ്ങനെ?
9. സോവിയറ്റ് മൊണ്ടാഷ് തത്വങ്ങൾ വിശദമാക്കുക.
10. മൊണ്ടാഷ് തത്വങ്ങളിലൂന്നി നിർമ്മിക്കപ്പെട്ട ആൽഫ്രഡ് ഹിച്ചകോക്കിന്റെ 'റിയർ വിൻഡോ' എന്ന ചിത്രത്തിന് ഒരാസ്വാദന കുറിപ്പെഴുതുക?
11. ആലീസ് ഗേ ബ്ലഷേയുടെ സംഭാവനകൾ വിശദീകരിക്കുക.



12. ഐസെൻസ്റ്റിൻന്റെ Montage സിദ്ധാന്തം battle ship potemkin എന്ന സിനിമയെ മുൻനിർത്തി വിശദീകരിക്കുക.
13. വാൾട്ട് ഡിസ്നി എങ്ങനെയാണ് സിനിമയുടെ മുഖച്ഛായ മാറ്റിയത് എന്നു പരിശോധിക്കുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. ജർമ്മൻ എക്സ്പ്രെഷനിസം സിനിമയുടെ ശൈലികൾ, സാങ്കേതികതകൾ, പരിശോധിക്കുക ഈ വിഭാഗത്തിന്റെ ഭാഗമാക്കുന്ന ചിത്രത്തിലെ എക്സപ്രഷനിസ്റ്റിക് സൂചനകളെ ഉദാഹരണസഹിതം വ്യക്തമാക്കുക.
15. ഡോ. കാലിഗരിയും (The Cabinet of Dr. Caligiri) സിസാറും തമ്മിലുള്ള ബന്ധത്തെ ഒരു രാഷ്ട്രീയ രൂപകമായി എങ്ങനെ വ്യാഖ്യാനിക്കാം?
16. ടോം ഗണ്ണിംഗ് തന്റെ ലേഖനത്തിൽ ആകർഷകണങ്ങളുടെ സിനിമയായി നിർവചിക്കുന്നത് എന്താണ്? ഗണ്ണിംങ്ങിന്റെ വാദങ്ങളെ പരിശോധിക്കുക.

******

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**ഒന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**ജൂൺ - 2022**

# MUFS 10109

**എം. എ. ചലച്ചിത്രപഠനം**

# ചലച്ചിത്രഭാഷയും വ്യാകരണവും

സമയം: 3 മണിക്കൂർ                                        മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. കളർ ടെംപ്പറേച്ചർ (Colour temperature)
2. മിസെൻസിൻ
3. കണ്ടിന്യൂറ്റി
4. ഇൻർകട്ട്
5. പോസിറ്റീവ് ആന്റ് നെഗറ്റീവ് സ്പേയ്സ്

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. ഡൈജെറ്റിക്, നോൺ ഡൈജെറ്റിക്ക് ശബ്ദ സംവിധാനത്തെ നിങ്ങൾ കണ്ട ഏതെങ്കിലും സിനിമയെ മുൻനിർത്തി ഉദാഹരിക്കുക.
7. സ്ഥലവും സമയവും സിനിമയുടെ പ്രാഥമിക ഘടനാപരമായ തത്വമാണ് വിശദീകരിക്കുക.
8. ഹൈകി - ലോകീ ലൈറ്റിങ്ങ്, ത്രിതല ദീപ വിന്യാസ രീതി എന്നിവ നിങ്ങൾ അടുത്തയിടെ കണ്ട ഏതെങ്കിലും സിനിമയെ മുൻനിർത്തി വിശദീകരിക്കുക.
9. ശബ്ദമിശ്രണത്തിന്റെ സാങ്കേതിക വശങ്ങളും അത് സിനിമയുടെ സൗന്ദര്യാത്മ വശങ്ങളിൽ ഇടപെടുന്ന രീതിയും ഏതെങ്കിലും സിനിമയെ മുൻനിർത്തി വിശദീകരിക്കുക.
10. ചിത്ര സംയോജനത്തിന്റെ പ്രധാന തത്വങ്ങൾ സിനിമയുടെ ഭാഷയിൽ എങ്ങിനെ ഇടപെടുന്നു എന്ന് പരിശോധിക്കുക.



11. വ്യത്യസ്തങ്ങളായ എഡിറ്റിംങ്ങ് ട്രീറ്റ്മെന്റിലൂടെ ഒരു കഥാതന്തുവിനെ തന്നെ വ്യത്യസ്ത അനുഭവങ്ങൾ ആക്കാൻ സാധിക്കും. എഡിറ്റിംങ്ങിലെ ഇത്തരം സാങ്കേതിക രീതികളെ വിശദീകരിക്കുക.
12. ഇനി പറയുന്ന ഷോട്ടുകൾ നിങ്ങളിൽ ഉൽപാദിപ്പിക്കുന്ന അർത്ഥങ്ങൾ എന്തൊക്കെയാണ്
    1) ഒരു സ്ത്രീയുടെ ലോ ആംഗിൾ ഷോട്ട്
    2) ഒരു മനുഷ്യന്റെ മുഖത്തിന്റെ ക്ലോസ് അപ്പ്
13. ഷോട്ടുകളുടെ കോമ്പോസിഷൻ സിനിമയുടെ സൗന്ദര്യാത്മക അനുഭൂതിയിൽ ഇടപെടുന്നതെങ്ങിനെ എന്ന് ഉദാഹരണസഹിതം വിശദീകരിക്കുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. സിനിമയുടെ ചരിത്രത്തിൽ നാഴികകല്ലായി കണക്കാക്കാവുന്ന ഏതെങ്കിലും ഒരു സിനിമയുടെ ദൃശ്യഭാഷ, സാങ്കേതിക വശങ്ങൾ, അത് ഉൽപാദിപ്പിക്കുന്ന അർത്ഥതലങ്ങൾ എന്നിവ പരിശോധിക്കുക.
15. ജനപ്രിയ സംസ്കാരത്തിൽ ചലനച്ചിത്രത്തിന്റെ ഇടപെടലുകളെ വിമർശനാത്മകമായി സമീപിക്കുക.
16. നിങ്ങൾ അടുത്തയിടെ വായിക്കാനിടയായ ഒരു കഥയെ കുറിച്ച് ഹ്രസ്വമായി സംഗ്രഹിക്കുക. അതിനെ സീനുകളായി തിരിച്ച് ഷോട്ട് ഡിവിഷൻ നടത്തുക.

******

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**ഒന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**ജൂൺ - 2022**

# MUFS 10110

## എം. എ. ചലച്ചിത്രപഠനം

# തിരക്കഥ : സിദ്ധാന്തവും രചനയും

സമയം: 3 മണിക്കൂർ

മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. ഇതിവൃത്തം
2. സ്ലഗ്ലൈൻ (Slugline)
3. സ്ക്രിപ്റ്റ് പിച്ചിംഗ് (Script pitching)
4. എബൗ ദ ലൈൻ (Above the line)
5. സ്വീക്കൻസ്

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. തിരക്കഥ രചനാവേളയിൽ 'ട്രീറ്റ്മെന്റ്' എന്തുകൊണ്ട് പ്രധാനപ്പെട്ടതാകുന്നു?
7. 'ഇൻ മീഡിയാസ് രസ്' എന്നാലെന്ത്? ഇത് തിരക്കഥാഘടനയെ എങ്ങിനെയാണ് സ്വാധീനിക്കുന്നത്?
8. ഒരു ചലച്ചിത്രത്തിന്റെ ബഡ്ജറ്റ് നിർണ്ണയിക്കുന്നതിൽ പൂർത്തിയാക്കിയ തിരക്കഥക്കുള്ള പങ്ക് വ്യക്തമാക്കുക.
9. ഒരു തിരക്കഥക്കുള്ള ആശയസ്വീകരണത്തിനായി ഒരു രചയിതാവിന് ആശ്രയിക്കാവുന്ന വാതായനങ്ങൾ എന്തൊക്കെയാണ്?
10. ഒരു നല്ല തിരക്കഥയെ സംബന്ധിച്ചിടത്തോളം ആദിമദ്ധ്യാന്തം ഉൾപ്പെടുത്തുന്ന നാടകീയത പ്രാധാന്യമുള്ളതാണ് എന്തുകൊണ്ട്?
11. കഥാപാത്രങ്ങളുടെ കൃത്യമായ ശരീരഭാഷകൊണ്ട് ആഖ്യാനരീതിയിൽ ഉണ്ടാകുന്ന മെച്ചങ്ങൾ എന്തൊക്കെ?



12. കഥാനിർവഹണം (Denouement) എന്നാലെന്ത്? അത് തിരക്കഥയിൽ നിർവഹിക്കുന്ന ധർമ്മം എന്ത്?
13. സംഭാഷണങ്ങൾക്ക് ചലച്ചിത്രങ്ങളുടെ തിരക്കഥകളിൽ നിർവഹിക്കാനുള്ള ദൗത്യങ്ങൾ എന്തെല്ലാം?

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. ഒരാശയത്തിൽ നിന്ന് പൂർത്തിയാക്കിയ തിരക്കഥയിലേക്കെത്തുന്നതിനിടയിലെ വിവിധ ഘട്ടങ്ങളെ പറ്റി വിശദമാക്കുക.
15. നിങ്ങൾ അടുത്തയിടെകണ്ട ഏതെങ്കിലും ഒരു ചലച്ചിത്രത്തിന്റെ തിരക്കഥയെ നിങ്ങൾ പരിചയപ്പെട്ട ഏതെങ്കിലും ഒരു തിരക്കഥാഘടനയെ അധികരിച്ച് വിലയിരുത്തുക.
16. അനാഥരായ കുട്ടികൾക്ക് ആരോഗ്യപൂർണ്ണവും സന്തോഷപ്രദവുമായ ജീവിതം നൽകുന്നതിനായി സർക്കാർ ആരംഭിച്ച 'സനാഥ ബാല്യം' പദ്ധതിയുടെ പ്രചരണത്തിനായി രണ്ടു മിനിറ്റിൽ കവിയാത്ത ഒരു പരസ്യചിത്രത്തിന്റെ തിരക്കഥ, സ്പ്ളിറ്റ് പേജ് രൂപകൽപ്പനയിൽ തയ്യാറാക്കുക.

******

16. ഘടനാവാദത്തെയും (Structuralism) മനോവിശ്ലേഷണ (Psycho analysis)ത്തെയും ചലച്ചിത്രകലയിൽ എപ്രകാരം ബന്ധിപ്പിക്കുന്നു എന്ന് ക്രിസ്റ്റ്യൻ മെറ്റ്സിന്റെ വീക്ഷണത്തെ വിലയിരുത്തുക.

******

തുഞ്ചത്തെഴുത്തച്ഛൻ
മലയാളസർവകലാശാല

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**രണ്ടാം സെമസ്റ്റർ അവസാനപരീക്ഷ**

**നവംബർ - 2022**

# MU FS 10211

**എം. എ. ചലച്ചിത്രപഠനം**

## ചലച്ചിത്രസിദ്ധാന്തങ്ങൾ
## - ക്ലാസിക്കലും ആധുനികവും

സമയം: 3 മണിക്കൂർ — മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. വിദൂരദൃശ്യം – മിഡ് ഷോട്ട് – ക്ലോസപ്പ് എന്നീ ദൃശ്യ സ്വഭാവത്തിലൂടെ ആവിഷ്കൃതമാകുന്ന, ആശയ സംവേദനത്തെ 'ഗ്രിഫ്ത്ത്' തന്റെ ചിത്രങ്ങളിലൂടെ എങ്ങനെ സാക്ഷാത്കരിച്ചു?

2. ഇന്റലക്ച്വൽ മൊണ്ടാഷ് തത്വത്തിലൂടെ ഐസൻസ്റ്റ യിൽ തന്റെ സിദ്ധാന്തങ്ങൾ എപ്രകാരം അവതരിപ്പിച്ചു? ഉദാഹരണസഹിതം വ്യക്തമാക്കുക.

3. ഫ്രഞ്ച് നവതരംഗ സിദ്ധാന്തത്തിന്റെ ഉപജ്ഞാതാക്കൾ ആരെല്ലാം? പ്രസ്തുത പ്രസ്ഥാനത്തിന്റെ സ്ഥാപക പ്രതിഭകൾ ആരെല്ലാം?

4. കയേ ദു സിനിമ (സിനിമയുടെ കൈപുസ്തകം) എന്ന ആനുകാലിക പ്രസിദ്ധീകരണത്തിലൂടെ ശക്തമായ ലേഖനങ്ങൾ എഴുതി നവതരംഗസിനിമയെ പ്രചോദിപ്പിച്ചത് ആര്?

5. ലോകത്തിലെ, ആദ്യ ശബ്ദസിനിമ ഏത്? ഇത് എപ്രകാരം സംവേദന തത്വത്തെ സഹായിച്ചു?

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. പ്രതിഛായാവാദം (Simulacrum) ചലച്ചിത്ര സിദ്ധാന്തത്തിൽ ആവിഷ്കൃതമായത് എപ്രകാരം?

7. 'മൊണ്ടാഷ്' തത്വങ്ങൾ ചലച്ചിത്ര കലയിൽ ഉണ്ടാക്കിയ മാറ്റം എപ്രകാരം എന്ന് വിശദീകരിക്കുക?



8. ഓത്തിയ (Auteur) തത്വങ്ങൾ ആവിഷ്ക്കരിച്ചത് ആര്? പ്രസ്തുത തത്വങ്ങളുടെ വിശദീകരണം എഴുതുക?

9. ചിഹ്നശാസ്ത്രം (Semiotics) ചലച്ചിത്രകലയിൽ എത്രമാത്രം പ്രസക്തമാണ്? പ്രചാരകരായി നിന്ന ചലച്ചിത്രകാരന്മാർ ആരെല്ലാം?

10. ഘടനാവാദം (Structuralism) ചലച്ചിത്രകലയിൽ ആവിഷ്കൃതമായത് എപ്രകാരം?

11. ഒളിഞ്ഞുനോട്ടം( Gaze) ലോറാമുവേ (Laura Mulvey) ദൃശ്യഭാഷയുടെ ദാർശനിക സിദ്ധാന്തമായി എപ്രകാരം കാണുന്നു?

12. മിസ് – എൻ – സെൻ (Mise - en - Scene) തത്വങ്ങൾ അവതരിപ്പിക്കാനുണ്ടായ കാരണങ്ങൾ എന്തെല്ലാം?

13. സിനിമയിൽ 'ധ്വനിപ്രകാര'ത്തിന്റെ പ്രസക്തി വിശദീകരിക്കുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. ഭാരതീയ കാവ്യതത്വങ്ങൾ, ധ്വനിപ്രകാരം അലങ്കാരം, ഔചിത്യം, എപ്രകാരം ദൃശ്യഭാഷയിൽ ആവിഷ്കൃതമായിരിക്കുന്നു എന്ന് സ്വോദാഹരണം സ്ഥാപിക്കുക.

15. കഥയും പ്ലോട്ടും തമ്മിൽ എപ്രകാരം വിഭജിക്കപ്പെട്ടിരിക്കുന്നു എന്ന് വ്ളാഡിമർ പ്രോപ്പി (VI Propp) ന്റെ തത്വപ്രകാരം വിശദീകരിക്കുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. വെർണർ ഹെർസോഗിന്റെ ചിത്രങ്ങളുടെ വൈവിധ്യം വ്യക്തമാക്കുക.

15. ഹോളിവുഡ്ഡിലെ 'മൂവിബ്രാറ്റ്സ്' എന്ന പ്രസ്ഥാനത്തിൽ ഫ്രാൻസിസ് ഫോർഡ് കപ്പോള, ജോർജ്ജ് ലൂക്കാസ്, സ്റ്റീവൻ സ്പിൽ ബർഗ്ഗ് തുടങ്ങിയവരുടെ സംഭാവനകൾ പരമ്പരാഗത ഹോളിവുഡ് ചിത്രങ്ങളിൽ നിന്നും എപ്രകാരം വ്യതിരിക്തമായിരിക്കുന്നു എന്ന് പരിശോധിക്കുക.

16. യസുജിറോ ഓസുവിന്റെ പ്രമേയങ്ങളുടെയും ആവിഷ്കരണത്തിന്റെയും സവിശേഷതകൾ വ്യക്തമാക്കുക.

*****

ശ്രേഷ്ഠം മലയാളം

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**രണ്ടാം സെമസ്റ്റർ അവസാനപരീക്ഷ**

**നവംബർ - 2022**

# MU FS 10212

**എം. എ. ചലച്ചിത്രപഠനം**

## ചലച്ചിത്രപ്രസ്ഥാനങ്ങൾ

സമയം: 3 മണിക്കൂർ മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. രണ്ടാം ലോകയുദ്ധാനന്തര സിനിമയിൽ വിസ്‌ക്കോ തന്തിയുടെ 'ഒസ്സെഷൻസ്' (ഓബ്സെഷൻസ്) എന്ന സിനിമയിലൂടെ ആവിഷ്കൃതമായ ചലച്ചിത്രപ്രസ്ഥാനം ഏത്? ഏത് സാഹിത്യ കൃതിയെ അവലംബിച്ച് എടുത്ത ചിത്രമാണ് അത്?

2. 'ബൈസിക്കിൾ തീവ്സ്' എന്ന ചിത്രം ആരുടെ സാഹിത്യകൃതിയെ അവലംബിച്ചിട്ടുള്ളതാണ്? പ്രസ്തുത ചിത്രത്തിന്റെ സംവിധായകൻ ആര്?

3. 'വിർജിൻ സ്പ്രിംഗ്' ബർഗ്മാൻ ചിത്രങ്ങളിൽ വ്യത്യസ്തമായിരിക്കുന്നതെങ്ങനെ?

4. വ്യാഖ്യാത ജർമ്മൻ സാഹിത്യകാരനായ ഗുന്തർഗ്രസ്സിന്റെ 'ടിൻഡ്രം' എന്ന കൃതിയെ അവലംബിച്ച് എടുത്ത ചിത്രത്തിന്റെ സംവിധായകൻ ആര്?

5. മിക്ലോസ് യാൻചോയുടെ ചിത്രങ്ങളിൽ കാണുന്ന എടുത്തുപറയേണ്ട പ്രത്യേകതകൾ എന്തൊക്കെ?

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. ഫിലിം നൊവ്വ (Film Noir) പ്രസ്ഥാനത്തിന്റെ പ്രേരണ ഉൾക്കൊണ്ട് ഫ്രഞ്ചുസംവിധായകൻ ന്യൂവേവ് പ്രസ്ഥാനത്തെ എപ്രകാരം അവതരിപ്പിച്ചു? ഉദാഹരണസഹിതം വിലയിരുത്തുക.

7. പഴയകാല ചരിത്ര നിർമ്മിതിയുടെ പുനരാഖ്യാനം (12 -ാം നൂറ്റാണ്ടിലെ) നടത്തുന്നതിലൂടെ ജപ്പാനിലെ സാമൂഹ്യശാസ്ത്രവും ജീവിതരീതിയും 'യുഗെറ്റ്സുമോണഗാത്രി' (Ugetsu Monogatari - 1953) ചിത്രത്തിലൂടെ കൊണ്ടുവരുന്നതിൽ കെൻജി മിസിഗോച്ചി എത്രമാത്രം വിജയിച്ചിരുന്നു?

8. ഇറ്റാലിയൻ നവതരംഗസിനിമയിൽ ഫെഡറിക്കോ ഫെല്ലിനിയും വൈക്കലാഞ്ജലോ അന്റോണിയോണിയും വഹിച്ച പങ്കിനെപ്പറ്റി 'ഹ്രസ്വ'മായി വിശദീകരിക്കുക.

9. ബൊഹുവിൽ ഹ്രാബൽ രചിച്ച ചെക്കോസ്ലൊവാക്യൻ കൃതിയെ അവലംബിച്ച് ജിറി മെൻസ്സെൽ സംവിധാനം ചെയ്ത ക്ലോസ്‌ലി വാച്ച്ഡ് ട്രെയൻസ് (Closely Watched Trains) എന്ന ചിത്രത്തിലൂടെ ജർമ്മൻ നാസി അധിനിവേശം എപ്രകാരം ബാധിക്കുന്നു എന്ന് വിശദീകരിക്കുക.

10. 'ബാറ്റിൽഷിപ്പ് പൊട്ടംകിൻ' എന്ന ചിത്രത്തിൽ മൊണ്ടാഷ് തത്വങ്ങൾ എപ്രകാരം പ്രയോഗിച്ചിരിക്കുന്നു എന്ന് പരിശോധിക്കുക.

11. ഴാങ്ങ് ലുക്ക് ഗോദാർദ് ചിത്രങ്ങളിലെ അപനിർമ്മാണ (De construction) ഘടകങ്ങൾ വിശദീകരിക്കുക.

12. ദുർഗ്രാഹ്യമായ ആശയങ്ങൾ സരളമായി അവതരിപ്പിച്ച് ഫലിപ്പിക്കുന്നതിൽ ക്രിസ്റ്റോഫ് സ്സന്നൂസി എത്രമാത്രം വിജയിച്ചുവെന്ന് അദ്ദേഹത്തിന്റെ ചലച്ചിത്രങ്ങൾ പുരസ്കരിച്ച് വിലയിരുത്തുക.

13. ചലച്ചിത്രം ചിത്രകലയുമായി എത്രമാത്രം ബന്ധപ്പെട്ടിരിക്കുന്നു എന്ന് ബർഗ്ഗ്മാൻ സംവിധാനം ചെയ്ത് സ്വെൻനിക്വിസ്റ്റ് ഛായാഗ്രഹണം നിർവ്വഹിച്ച 'ക്രൈസ്റ്റ് ആന്റ് വിസ്പേഴ്സ്' ഉൾപ്പെടെയുള്ള ചിത്രങ്ങൾ മുൻനിർത്തി പരിശോധിക്കുക.

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**രണ്ടാം സെമസ്റ്റർ അവസാനപരീക്ഷ**

**നവംബർ - 2022**

# MU FS 10213

## എം. എ. ചലച്ചിത്രപഠനം

## ഗവേഷണരീതിശാസ്ത്രം

സമയം: **3** മണിക്കൂർ  മാർക്ക് **70**

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. പ്രൈമറി സോഴ്സ്
2. APA സ്റ്റൈൽ
3. പരികല്പന
4. സാംബ്ളിംഗ് ഡിസൈൻ
5. ചിഹ്നശാസ്ത്രം

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. ശാസ്ത്രീയ ഗവേഷണത്തിന്റെ പ്രാധാന്യവും സവിശേഷതകളും എന്തെല്ലാം?
7. ഒരു ഗവേഷണവിഷയം തിരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം?
8. ചലനാംഗങ്ങൾ എന്നാലെന്ത്? അവയെ എപ്രകാരം തരംതിരിച്ചിരിക്കുന്നു?
9. ഫോക്കസ് ഗ്രൂപ്പ് എന്ന ഗവേഷണരീതി ചലച്ചിത്രഗവേഷണത്തിൽ എപ്രകാരം ഉപയോഗിക്കപ്പെടുന്നു.
10. ചലച്ചിത്രഗവേഷണത്തിൽ പൂർവ്വകാലപഠനങ്ങളുടെ പ്രാധാന്യമെന്ത്?
11. സാങ്കേതിക പരിജ്ഞാനം ചലച്ചിത്രഗവേഷണത്തിൽ ഉപകാരപ്പെടുന്നതെങ്ങനെ?



12. 'ഇന്റർവ്യൂ'/ക്വസ്റ്റിനെയർ സർവ്വേ എന്നീ ഗവേഷണ രീതികളിൽ ചോദ്യങ്ങൾ തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം?
13. മനോവിശ്ലേഷണ അപഗ്രഥനരീതി ചലച്ചിത്രഗവേഷണത്തിൽ ഉപയോഗപ്പെടുത്തേണ്ടതെങ്ങനെ?

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. സാംപ്ലിങ്ങ് എന്നാലെന്ത്? വിവിധ സാംപ്ലിങ്ങ് രീതികളെ ഉദാഹരണസഹിതം വിശദമാക്കുക.
15. ശാസ്ത്രീയഗവേഷണങ്ങൾ ചലച്ചിത്രപഠനമേഖലയിൽ അത്യന്താപേക്ഷിതമാകുന്നതെന്തുകൊണ്ട്? അവ ചലച്ചിത്രനിർമ്മാണപ്രവർത്തനങ്ങളെ സ്വാധീനിക്കുന്നതെങ്ങനെ?
16. ചലച്ചിത്രസംബന്ധിയായ ഒരു ഗവേഷണത്തിന് ഒരു മാതൃകാ സിനോപ്സിസ് തയ്യാറാക്കുക.

*****

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**രണ്ടാം സെമസ്റ്റർ അവസാനപരീക്ഷ**

**നവംബർ - 2022**

# MU FS 10214

**എം. എ. ചലച്ചിത്രപഠനം**

# ഇന്ത്യൻസിനിമ ദശകങ്ങളിലൂടെ

സമയം: 3 മണിക്കൂർ    മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. മദർ - ഇന്ത്യ
2. ആലം - ആര
3. നിശബ്ദ കാലഘട്ടം
4. വി. ശാന്താറാം
5. ഒ.ടി.ടി. പ്ലാറ്റ് ഫോം

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. ലൂമിയർ സഹോദരന്മാർ ഇന്ത്യയിൽ നടത്തിയ ആദ്യ കാല ചലച്ചിത്ര പ്രദർശനങ്ങളെക്കുറിച്ച് എഴുതുക.
7. ഇന്ത്യൻ സിനിമയുടെ സുവർണ്ണ കാലഘട്ടം വിലയിരുത്തുക.
8. സത്യജിത് റേയും പഥേർ പാഞ്ചാലിയും ഏതു വിധത്തിലാണ് ഇന്ത്യൻ സിനിമാചരിത്രത്തിൽ പ്രസക്തമാകുന്നത്?
9. ഇന്ത്യൻ സിനിമയിൽ സംഗീതത്തിന്റേയും നൃത്തത്തിന്റേയും പ്രസക്തിയെന്ത്?
10. ഋത്വിക് ഘട്ടകിന്റെ ചലച്ചിത്ര യാത്രകളെക്കുറിച്ച് ഒരു കുറിപ്പെഴുതുക.
11. ശ്യാം ബെനഗലിന്റെ ചലച്ചിത്ര ലോകം
12. സമകാലീന തെന്നിന്ത്യൻ സിനിമ



13. ഡബിംഗ് സിനിമകളുടെ പ്രസക്തിയെക്കുറിച്ച് വിശദീകരിക്കുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. ബോളിവുഡ് എന്ന ആശയം ചർച്ച ചെയ്യുക. പ്രാദേശിക സിനിമകളെ ബോളിവുഡ് സ്വാധീനിച്ചതെങ്ങനെയെന്ന് അന്വേഷിക്കുക.
15. ഇന്ത്യൻ നവതരംഗ സിനിമയുടെ പ്രസക്തി വിശദമാക്കുക. ഈ പ്രസ്ഥാനത്തിലെ പ്രധാന ചലച്ചിത്ര പ്രവർത്തകരെ ഓർത്തെടുക്കുക.
16. കോവിഡ് കാലം സിനിമാ നിർമ്മാണത്തിലും ആസ്വാദനത്തിലും ഉണ്ടാക്കിയ മാറ്റങ്ങൾ ഒ.ടി.ടി പ്ലാറ്റ്ഫോമുകളുടെ പശ്ചാത്തലത്തിൽ ചർച്ച ചെയ്യുക.

*****

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**രണ്ടാം സെമസ്റ്റർ അവസാനപരീക്ഷ**

**നവംബർ - 2022**

# MU FS 10215

## എം. എ. ചലച്ചിത്രപഠനം

## ചലച്ചിത്രനിർമ്മാണം

സമയം: 3 മണിക്കൂർ മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. ക്ലാപ് ബോർഡ്
2. സ്ക്രീൻ ടെസ്റ്റ്
3. ഫോളി ആർടിസ്റ്റ്
4. ക്യൂബ്
5. കഥാസാരം

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. നടീ – നടന്മാരുടെ നിർണ്ണയം ഒരു സിനിമയെ എത്രത്തോളം സ്വാധീനിക്കുന്നു? അന്വേഷിക്കുക.
7. ശബ്ദലേഖനവും ശബ്ദമിശ്രണവും റസൂൽ പൂക്കുട്ടിയുടെ ഓസ്കാർ പുരസ്കാരത്തോടെ കൂടുതൽ പ്രാധാന്യം ലഭിക്കുന്ന മേഖലകളായി മാറിയിട്ടുണ്ടോ? ചർച്ച ചെയ്യുക.
8. വസ്ത്രാലങ്കാരം കഥാപാത്ര സ്വഭാവത്തെ നിർണ്ണയിക്കുന്നുണ്ടോ? കാഴ്ചപ്പാടുകൾ പങ്കുവെക്കുക.
9. സിനിമാ വിതരണത്തിലെ വെല്ലുവിളികൾ ഏതൊക്കെ?
10. 'ഫിലിം എഡിറ്ററുടെ കലയാണ് സിനിമ' നിങ്ങളുടെ കാഴ്ചപ്പാടുകൾ വ്യക്തമാക്കുക.
11. ഇന്ത്യൻ സിനിമയിലെ അഞ്ച് പ്രശസ്ത സാങ്കേതിക വിദഗ്ദരുടെ സംഭാവനകൾ പരിശോധിക്കുക.
12. ഒരു സിനിമയുടെ ലൊക്കേഷൻ തിരഞ്ഞു പിടിക്കുന്നതിൽ ആരൊക്കെ പങ്ക് വഹിക്കുന്നുവെന്ന് പരിശോധിക്കുക.
13. ഒരു കാലഘട്ടം സിനിമയിൽ പുനർ – നിർമ്മിക്കുമ്പോൾ കലാ സംവിധായകൻ നേരിടുന്ന വെല്ലുവിളികൾ എന്തൊക്കെ? കണ്ടുപിടിക്കുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. 'ഒരു മികച്ച സിനിമയുണ്ടാക്കാൻ മൂന്നു കാര്യങ്ങൾ നിങ്ങൾക്കാവശ്യമാണ്. തിരക്കഥ, തിരക്കഥ, തിരക്കഥ ആൽഫ്രഡ് ഹിച്ച് കോക്കിന്റെ ഈ പ്രസ്താവനയെ അധികാരിക്ക് സിനിമയുടെ നട്ടെല്ലാണ് തിരക്കഥ എന്ന ആശയത്തോട് നിങ്ങളുടെ പ്രതികരണങ്ങൾ എഴുതുക.
15. സിനിമയ്ക്ക് സെൻസറിംഗ് ആവശ്യമുണ്ടോ? കാഴ്ചപ്പാടുകൾ പങ്കു വെക്കുക.
16. ഒരു ചലച്ചിത്ര സംവിധായകന്റെ ദൗത്യങ്ങൾ സിനിമാ നിർമ്മാണത്തിലെ വിവിധ ഘട്ടങ്ങളുമായി ബന്ധപ്പെടുത്തി ചർച്ച ചെയ്യുക.

*****

തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

**മൂന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**മാർച്ച് - 2023**

# MUFSC 10319

**എം. എ. ചലച്ചിത്രപഠനം**

# സമകാലിക ചലച്ചിത്രസിദ്ധാന്തങ്ങൾ

സമയം: 3 മണിക്കൂർ മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. സംസ്കാരപഠനം
2. ഹൈബ്രിഡിറ്റി
3. മാജിക്കൽ റിയലിസം
4. ഫിനോമിനോളജി
5. നവരൂപഭദ്രതാവാദം

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. കല്പിതകഥകളിലെ വിരോധാഭാസം (Paradox of Fiction) എന്ന സങ്കല്പനത്തെ റാഡ്ഫോർഡ് വിവരിക്കുന്നതെങ്ങനെ?
7. സുച്ചർ എന്നാലെന്ത്? പ്രേക്ഷകരുടെ ചലച്ചിത്രാസ്വാദനത്തെ മുൻനിർത്തി വിശദീകരിക്കുക.
8. ആക്സന്റഡ് സിനിമകളുടെ സവിശേഷതകൾ എന്തെല്ലാം?
9. സംസ്കാരപഠനം എന്ന വൈജ്ഞാനിക മേഖലയുടെ ആവിർഭാവത്തെ കുറിച്ച് ലഘുവായി വിവരിക്കുക.
10. കൊഗ്നിറ്റീവ് ഫിലിം തിയറി എന്നാലെന്ത്? സിദ്ധാന്താനന്തരത്തിന്റെ പരിപ്രേക്ഷ്യത്തിൽ വിവരിക്കുക.
11. 'ചലച്ചിത്രാഖ്യാനത്തിലെ ഗതിവിഗതികൾ പ്രേക്ഷകരിലെ വികാരങ്ങളെയാണ് ലക്ഷ്യംവയ്കുന്നത്' - പരിശോധിക്കുക.



12. ഹാപ്റ്റിക് വിഷ്വാലിറ്റി എന്ന ആശയസങ്കല്പനത്തെ ലഘുവായി വിവരിക്കുക.
13. ഡെല്യൂസിന്റെ സമയചിത്രം (Time image), ചലനചിത്രം (Movement image) എന്നീ ആശയസങ്കല്പനങ്ങളെ വിശദമാക്കുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. മാജിക്കൽ റിയലിസ്റ്റ് സങ്കേതങ്ങൾ ചലച്ചിത്ര ആഖ്യാനത്തിന്റെ സാധ്യതകളെ അധികരിപ്പിക്കുന്നതെങ്ങനെ?
15. കോളനിയനന്തര സിദ്ധാന്തത്തിലെ സങ്കല്പനങ്ങളെ ചലച്ചിത്രങ്ങളുടെ പരിപ്രേക്ഷ്യത്തിൽ അവതരിപ്പിക്കുക.
16. അനുഭവങ്ങളുടെ സിനിമാസങ്കല്പനങ്ങൾ (Phenomenological Concepts) ചലച്ചിത്ര ആസ്വാദന രീതികളെ സ്വാധീനിക്കുന്നതെങ്ങനെ?

******

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**മൂന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**മാർച്ച് - 2023**

# MUFS 10320

## എം. എ. ചലച്ചിത്രപഠനം

# ഡോക്യുമെന്ററി സിനിമ

സമയം: 3 മണിക്കൂർ    മാർക്ക് **70**

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. സിഗാ വെർതോവ്
2. പി.എസ്.ബി.റ്റി
3. നൈറ്റ് & ഫോഗ്
4. ന്യൂസ് റീൽ ചിത്രങ്ങൾ
5. ജോൺ ഗ്രിയേഴ്സ്ൺ

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. പൊയറ്റിക് ഡോക്യുമെന്ററി ചിത്രങ്ങളുടെ പ്രത്യേകതകൾ എന്തെല്ലാം? ഉദാഹരണസഹിതം വിശദമാക്കുക.
7. "ഡോക്യുമെന്ററി നിർമ്മാണം കഥാ ചിത്രങ്ങളിൽ നന്നും വിഭിന്നമായി സർഗാത്മക വെല്ലുവിളി നിറഞ്ഞതാണ്". ഈ പ്രസ്താവനയെ നിങ്ങൾ എങ്ങിനെ വിലയിരുത്തുന്നു?
8. വെർണർ ഹെർസോഗിന്റെ കഥേതര ചിത്രങ്ങളുടെ പ്രത്യേകതകളെന്തൊക്കെയാണ്? വിമർശനാത്മകമായി സമീപിക്കുക.
9. "അക്കാദമി അവാർഡ് കരസ്ഥമാക്കിയ 'മൈ ഒക്ടോപ്പസ് ടീച്ചർ' എന്ന ഡോക്യുമെന്ററി ചിത്രം ആത്മപ്രതിഫലന സ്വഭാവത്തിലുള്ളതാണ്" വിമർശനാത്മകമായ ആസ്വാദന കുറിപ്പെഴുതുക.
10. രൂപത്തിലും സ്വഭാവത്തിലും സമകാലിക ഡോക്യുമെന്ററി ചിത്രങ്ങൾ മുൻകാലങ്ങളെ അപേക്ഷിച്ച് തീർത്തും വ്യത്യസ്തമായിരിക്കുന്നുണ്ടോ? നിങ്ങളുടെ നിരീക്ഷണങ്ങൾ രേഖപ്പെടുത്തുക.



11. ഫിലിം ഡിവിഷൻ ഇന്ത്യൻ ഡോക്യുമെന്ററി സിനിമകളുടെ ഗുണപരമായ വളർച്ചയെ ഏതെക്കെ അർത്ഥത്തിലാണ് സ്വാധീനിച്ചത്?
12. ബെർട്ട് ഹൻസ്ത്രയുടെ ഓസ്കാർ കരസ്ഥമാക്കിയ 'ഗ്ലാസ്' എന്ന ഹ്രസ്വ ഡോക്യുമെന്ററി ചിത്രത്തിന്റെ പ്രത്യേകത എന്ത്?
13. ഇന്ത്യൻ ഡോക്യുമെന്ററി സിനിമയുടെ പിതാവെന്നറിയപ്പെടുന്ന സുഖ്ദേവിന്റെ ഏതെങ്കിലും ചിത്രത്തെ അധികരിച്ച് അദ്ദേഹത്തിന്റെ സംഭാവനകളെ വിലയിരുത്തുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. ഡോക്യുമെന്ററി ചിത്രങ്ങളുടെ സാമൂഹിക രാഷ്ട്രീയ പ്രാധാന്യമെന്ത്? സാമൂഹികമായ പ്രതിബദ്ധത ഡോക്യുമെന്ററി നിർമ്മാണത്തിലെ അവിഭാജ്യ ഘടകമാണോ? വിമർശനാത്മകമായി വിലയിരുത്തുക.
15. ബിൽ നിക്കോൾസ് ഡോക്യുമെന്ററി ചിത്രങ്ങളെ എങ്ങനെയാണ് വർഗ്ഗീകരിച്ചത്? ഉദാഹരണസഹിതം വിശദീകരിക്കുക.
16. നിങ്ങൾ നിർമ്മിക്കാനുദ്ദേശിക്കുന്ന ഒരു ഡോക്യുമെന്ററി ചിത്രത്തിന്റെ വിശദമായ രൂപരേഖ തയ്യാറാക്കുക.

******

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**മൂന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**മാർച്ച് - 2023**

# MUFS 10321

**എം. എ. ചലച്ചിത്രപഠനം**

# മലയാളസിനിമ ദശകങ്ങളിലൂടെ

സമയം: 3 മണിക്കൂർ | മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. 'വനിതാ സംവിധായകരുടെ സിനിമാ പദ്ധതി'യുടെ ഭാഗമായി സംസ്ഥാന സർക്കാർ നിർമ്മിച്ച് പുറത്തിറങ്ങിയ സിനിമ?
2. പി.കെ. റോസി
3. ബാലൻ
4. നീലക്കുയിൽ
5. ബഷീറിന്റെ ഏതൊക്കെ കൃതികളാണ് ചലച്ചിത്രമാക്കിയത്?

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. 'ഈ കഴുത തിയറ്ററിന് അകത്തല്ല പുറത്താണ്'. കഴുത എന്ന ബിംബത്തിന്റെ രാഷ്ട്രീയ ദൗത്യം ജോണിന്റെ സിനിമയെ മുൻനിർത്തി വിശകലനം ചെയ്യുക.
7. ഫിലിം സൊസൈറ്റി പ്രസ്ഥാനങ്ങൾ മലയാള സിനിമയെ സ്വാധീനിച്ചതെങ്ങനെ?
8. വടക്കൻപ്പാട്ട് സിനിമകളിലെ ദേശരാഷ്ട്ര സങ്കൽപ്പം സിനിമകളെ മുൻനിർത്തി പരിശോധിക്കുക.
9. ഗൾഫ് എന്ന സ്ഥലം മലയാള സിനിമയിൽ സൃഷ്ടിച്ച ആഖ്യാന ഇടങ്ങൾ പരിശോധിക്കുക.
10. കെ.പി. കുമാരന്റെ അതിഥി എന്ന സിനിമയിലെ ഭ്രമാത്മക സ്ഥലരാശിയെയും സ്ക്രീനിൽ ഒരിക്കലും പ്രത്യക്ഷപ്പെടാത്ത അതിഥിയെയും വിശകലനം ചെയ്യുക.
11. മലയാള സിനിമയുടെ നാലാം ദശകത്തിന്റെ വൈവിധ്യാവിഷ്കാരങ്ങൾ അടയാളപ്പെടുത്തുക.



12. പുന്നപ്ര വയലാർ, മലബാർ കലാപം തുടങ്ങി ചരിത്ര സംഭവങ്ങളുടെ അനുകൽപ്പന സിനിമകളെ വിശകലനം ചെയ്യുക.
13. ഐക്യകേരള പ്രസ്ഥാനകാലത്തെ ചലച്ചിത്രങ്ങളിലെ കേരളമെന്ന പ്രാദേശിക ഭാവനയെ വിശദീകരിക്കുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. മലയാള സിനിമയിലെ സാഹിത്യ അനുവർത്തനങ്ങളെ കുറിച്ച് എഴുതുക.
15. മദ്ധ്യവർത്തി സിനിമയും റിഫ്ളെക്സിവീറ്റി (reflexivity)യും കെ.ജി. ജോർജിന്റെ സിനിമകളിലൂടെ വിശദീകരിക്കുക.
16. സാധാരണ ഫ്രെയിമിൽ നിന്ന് വ്യത്യസ്തമായി, സിനിമ കലയുടെ ചില മാനദണ്ഡങ്ങൾ പാലിക്കുന്ന ആദ്യകാല നോട്ടം എന്ന നിലയിൽ, ഭാർഗവീനിലയത്തെ ഒരു രാഷ്ട്രീയ സിനിമയായി വിശകലനം ചെയ്യുക.

******

തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

**മൂന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**മാർച്ച് - 2023**

# MUFS 10323

**എം. എ. ചലച്ചിത്രപഠനം**

# ചലച്ചിത്രം നവമാധ്യമസന്ദർഭത്തിൽ

സമയം: 3 മണിക്കൂർ  മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. സൈബർ സമൂഹം
2. മെഷിനിമ
3. ഡാറ്റാബേസ് സിനിമ
4. പസ്സിൽ സിനിമ
5. ഫാൻഡം

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. ഹെന്റി ജെൻകിൻസിന്റെ അഭിപ്രായത്തിൽ നവമാധ്യമങ്ങളുടെ പ്രത്യേകതകൾ എന്തൊക്കെ?
7. ഡിജിറ്റൽ ദൃശ്യസംസ്കാരത്തിന്റെ സ്വഭാവ വിശേഷങ്ങളെ അവതരിപ്പിക്കുക.
8. നവമാധ്യമ കാലഘട്ടത്തിൽ ചലച്ചിത്രനിർമ്മാണത്തിൽ ഉണ്ടായ വ്യത്യാസങ്ങളെ അടയാളപ്പെടുത്തുക.
9. പൈരസി പ്രശ്നങ്ങൾ ചലച്ചിത്രങ്ങളെ ഏറ്റവുമധികം ബാധിക്കുന്നത് സമീപകാലങ്ങളിലാണ് - കാരണങ്ങൾ കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക.
10. ഡിജിറ്റൽ ഡിവൈഡ് എന്നാലെന്ത്? നവകാലഘട്ടത്തിലെ ചലച്ചിത്രങ്ങളെ ആസ്വദിക്കുന്നതിലും ഈ ഡിജിറ്റൽ ഡിവൈഡ് നിലനിൽക്കുന്നുണ്ടോ?
11. നവമാധ്യമ കാലഘട്ടത്തിലെ ചലച്ചിത്ര നിർമ്മാണത്തിനായുള്ള പ്രക്രിയയിൽ വന്ന മാറ്റങ്ങൾ എന്തൊക്കെ? FDI കൊണ്ട് ഇന്ത്യൻ സിനിമക്ക് മെച്ചങ്ങൾ ഉണ്ടാകുന്നുണ്ടോ?



12. നെറ്റ്‌വർക്ക് സമൂഹം എന്നാലെന്ത്? അത്തരം സമൂഹത്തിന്റെ സവിശേഷതകൾ വ്യക്തമാക്കുക?
13. അരാജകത്വ സൗന്ദര്യാത്മകത (Chaos aesthetics) എങ്ങനെയാണ് നവകാലഘട്ടത്തിന്റെ ആസ്വാദനമുഖമാവുന്നത്?

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. നവമാധ്യമ തത്വങ്ങൾ എന്ന നിലക്ക് ലേ മനോവിച്ച് (Lev Maovich) മുന്നോട്ട് വയ്ക്കുന്ന സ്വഭാവങ്ങളോരോന്നിനെയും വിശദീകരിക്കുക.
15. ഡിജിറ്റൽ കാലഘട്ടത്തിൽ സിനിമ രചിക്കുന്ന പുതിയ ദൃശ്യ/ഭാഷാ വ്യതിയാനങ്ങളെ അടയാളപ്പെടുത്തുക.
16. നവമാധ്യമങ്ങളുടെ സാധ്യതകളെ ഏറ്റവുമധികം ഉപയോഗപ്പെടുത്തിയാണ് നവീനകാലത്ത് വളരെ വേഗത്തിൽ സാംസ്കാരിക അധിനിവേശങ്ങൾ സാധ്യമാവുന്നത് - ഉദാഹരണങ്ങൾ സഹിതം വിശദീകരിക്കുക.

******

തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

**മൂന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**മാർച്ച് - 2023**

# MUFS 10326

**എം. എ. ചലച്ചിത്രപഠനം**

# സയൻസ് ഫിക്ഷനും ഫാന്റസി സിനിമകളും

സമയം: 3 മണിക്കൂർ

മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. മിത്ത്
2. ഫന്റാസ്മഗോറി (Fantasmagorie)
3. എകോഫെമിനിസം (Ecofeminism)
4. ഹീറോയുടെ യാത്ര (Heroe's Journey)
5. ഗോഥിക് ഹൊറർ

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. മാജിക്കൽ റിയലിസ്റ്റ് സങ്കേതങ്ങളുടെ ക്രിയാത്മകമായ ഉപയോഗം ഏറ്റവും കൃത്യമായി ദർശിക്കാവുന്നത് ഫാന്റസി സിനിമകളിലാണ് - വിശദീകരിക്കുക.
7. 'അവിശ്വാസത്തിന്റെ വിളംബം' (Suspension of disbelief) ഫാന്റസി സിനിമകളും സയൻസ് ഫിക്ഷൻ സിനിമകളും ഉപയോഗപ്പെടുത്തുന്നതെങ്ങിനെ?
8. 'നൊസ്ഫറാത്തു' (Nosferatu) എന്ന ജർമ്മൻ എക്സ്പ്രഷനിസ്റ്റ് സിനിമയിലെ ഹൊറർ അന്തരീക്ഷം സൃഷ്ടിക്കാൻ ഉപയോഗിക്കുന്ന സങ്കേതങ്ങളെ വിവരിക്കുക.
9. തദ്ദേശീയമായ മിത്തുകളിലധിഷ്ഠമായ ആഖ്യാനങ്ങൾ ഫാന്റസി സിനിമകളെ വിശ്വാസയോഗ്യമാക്കുന്നു - സമർത്ഥിക്കുക.
10. വാൾട്ട് ഡിസ്നി സിനിമകൾ പരമ്പരാഗത സ്ത്രീ നിർമ്മിതിയെ പ്രോത്സാഹിപ്പിക്കുന്നു എന്ന വാദത്തെ പരിശോധിക്കുക.
11. വള്ഡാഡിമിർ പ്രോപ്പിന്റെ 'മോർഫോളജി ഓഫ് ഫോൾക്ടെയിൻസ്' ഫാന്റസി സിനിമകളുടെ ആഖ്യാന പരിസരങ്ങളെയും വഴിത്തിരിവുകളെയും കൃത്യമായി അടയാളപ്പെടുത്തുന്നുണ്ട് - സാധൂകരിക്കുക.
12. ആദ്യകാല ചലച്ചിത്രകാരന്മാർ ഫാന്റസി ചലച്ചിത്ര ജോണറിന് നൽകിയ സംഭാവനകൾ വിശദീകരിക്കുക.
13. ഫാന്റസി സിനിമകളിലെ വംശ- വർഗ്ഗ പാർശ്വവൽക്കരണത്തെക്കുറിച്ച് ഉദാഹരണസഹിതം ഒരു കുറിപ്പ് തയ്യാറാക്കുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. ഫാന്റസി സിനിമകളുടെ ആഖ്യാനങ്ങളെ യുങ്ങിന്റെ (Carl Jung) ആദിരൂപങ്ങളിലൂടെ നോക്കിക്കാണുമ്പോൾ കണ്ടെത്താവുന്നതെന്തൊക്കെ?
15. സയൻസ് ഫിക്ഷൻ സിനിമകൾ പ്രൊപ്പഗാൻഡ വാഹനങ്ങൾ ആകുന്നതായി പരക്കെയുള്ള വിമർശനങ്ങളെ കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളെ ക്രോഡീകരിച്ച് അവതരിപ്പിക്കുക.
16. നിങ്ങൾക്കേറെ പ്രിയപ്പെട്ട ഏതെങ്കിലും ഒരു ഫാന്റസി ചലച്ചിത്ര (പരമ്പര)യുടെ ആഖ്യാന പ്രപഞ്ചത്തിന്റെ സവിശേഷതകൾ ഉദാഹരണസഹിതം വിശദീകരിക്കുക.

******

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**മൂന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**മാർച്ച് - 2023**

# MUFS OE 10328

**എം. എ. ചലച്ചിത്രപഠനം**

# ചലച്ചിത്രാസ്വാദനം

സമയം: **3** മണിക്കൂർ — മാർക്ക് **70**

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. സീൻ
2. ക്ലോസ് അപ്പ് (Close Up)
3. പാനിംഗ്
4. ഫൈ പ്രതിഭാസം (Phi Phenomenon)
5. ലൂമിയർ സഹോദരങ്ങൾ

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. മൊണ്ടാഷ് എന്നാലെന്ത്? ഇവ സിനിമയിൽ നടത്തുന്ന ധർമ്മങ്ങൾ എന്തൊക്കെ?
7. ചലച്ചിത്രഭാഷയും സാഹിത്യഭാഷയും തമ്മിലുള്ള പ്രധാന വ്യത്യാസങ്ങൾ എന്തെല്ലാം?
8. കഴിഞ്ഞ ദശാബ്ദത്തിലുണ്ടായ മലയാള നവതരംഗ സിനിമകളുടെ സ്വഭാവ സവിശേഷതകൾ എന്തെല്ലാമാണ്?
9. ജോർജ് മെലിയെയുടെ ഭാവനയും മാന്ത്രികൻ എന്ന നിലയിലുള്ള പരിചയവും ആദ്യകാല ചലച്ചിത്രങ്ങളെ എങ്ങനെയാണ് സ്വാധീനിച്ചത്?
10. മലയാള സിനിമയിലെ താരോദയങ്ങളുടെയും താരാധിപത്യത്തിന്റെയും ചരിത്രം ലഘുവായി വിവരിക്കുക.
11. ഹോളിവുഡിന്റെ ആവിർഭാവത്തെ കുറിച്ച് ഒരു ലഘു കുറിപ്പ് തയ്യാറാക്കുക.



12. ലോംഗ് ഷോട്ട് കുടുംബത്തിൽ ഉൾപ്പെട്ട മറ്റു തരം ഷോട്ടുകളെ പരിചയപ്പെടുത്തുക.
13. എഡ്‌വേർഡ് മെയ്ബ്രിഡ്ജ് എന്ന ഫോട്ടോഗ്രാഫർ ചലച്ചിത്ര ചരിത്രത്തിൽ ഇടം നേടുന്നത് എങ്ങിനെയാണ്?

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. നിങ്ങൾ സമീപകാലത്ത് കണ്ട ഒരു മലയാള ചലച്ചിത്രത്തിന്റെ ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.
15. മലയാള സിനിമയിൽ നിങ്ങൾ സ്ത്രീപക്ഷ സിനിമ എന്ന് വിലയിരുത്തുന്ന ഏതെങ്കിലും ഒരു സിനിമയുടെ സ്ത്രീപക്ഷ മൂല്യങ്ങൾ വിവരിക്കുക.
16. രാഷ്ട്രീയ ശരികൾ ചലച്ചിത്രാഖ്യാനങ്ങൾക്ക് അത്യന്താപേക്ഷിതം എന്ന് നിങ്ങൾ കരുതുന്നുണ്ടോ? നിങ്ങളുടെ അഭിപ്രായങ്ങളെ ഉദാഹരണങ്ങൾ സഹിതം സ്ഥാപിക്കുക.

******

തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

**മൂന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**മാർച്ച് - 2023**

# MUFS OE 10329

**എം. എ. ചലച്ചിത്രപഠനം**

# സിനിമ ദേശം ഇടം

സമയം: 3 മണിക്കൂർ　　　　　　　　　　　　മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. സിനിമാറ്റിക് ലാന്റ്സ്കേപ്പ്
2. ശബ്ദ ഇടം
3. അതിഥി
4. പഞ്ചവടിപ്പാലം
5. ഒ. ടി. ടി

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. ഇതിഹാസ സിനിമകളിൽ നിന്ന് സ്മോൾ ടൗൺ സിനിമകൾ ആയി മലയാള സിനിമ മാറുമ്പോൾ, മൾട്ടി പ്ലക്സ് – മാളുകൾ ചെറിയ ടൗൺ നൊസ്റ്റാൾജിയയെ പ്രതിനിധീകരിക്കുന്നു. ഇവ പ്രാദേശിക ഭാഷകളോട് ഐക്യപ്പെട്ടുകൊണ്ട് അതിനപ്പുറമുള്ള സ്ഥലത്ത് വിരാജിക്കുന്നു. സമകാലിക മലയാള സിനിമകളെ മുൻനിർത്തി വിശകലനം ചെയ്യുക.
7. ഗൾഫ് സാംസ്കാരിക സ്വത്വം മലയാള സിനിമയെ വ്യാവസായികവും ആഖ്യാനപരവുമായി സ്വാധീനി ച്ചിരിക്കുന്നു. മലയാള സിനിമയുടെ ഗൾഫ് ബന്ധത്തെ സിനിമകൾ മുൻനിർത്തി വിശകലനം ചെയ്യുക.
8. സിനിമ സ്ഥലബോധം നിർമ്മിക്കുന്നതിന് ഉപയോ ഗിക്കുന്ന സാങ്കേതികതകൾ വിശദീകരിക്കുക.
9. ഗ്രാമം/നഗരം പ്രതിനിധാനം മലയാളസിനിമയിൽ എങ്ങിനെ എല്ലാം നിർമ്മിക്കുന്നു എന്നു വിശദീക രിക്കുക.
10. കേവല ആസ്വാദനത്തിലും വിമർശനത്തിനും അപ്പുറം സിനിമയുടെ നിർമ്മാണ പ്രവർത്തനങ്ങളെ കൂടി നിർണയിക്കുന്ന ആധുനികനായ കാണിയെ വിശ കലം ചെയ്യുക.
11. മധുരൈ ഫോർമുല സിനിമകളിലെ ജാതി രാഷ്ട്രീയം, സിനിമകളെ മുൻനിർത്തി ചർച്ച ചെയ്യുക.
12. ‘ബൈസിക്കിൾ തീവ്സ്’ എന്ന സിനിമയുടെ ആഖ്യാനം ക്ലാസിക്കൽ പ്ലോട്ട് ഡെവലപ്പിന്റെ പതി നൊന്ന് ഘട്ടങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ് – വിശദീകരിക്കുക.
13. മലയാള സിനിമയിലെ കേരളത്തിന്റെ ആഖ്യാന ഭൂപ്ര കൃതിയെ ചരിത്രപരമായി വിശദീകരിക്കുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. റോഡ് സിനിമകളുടെ ആഖ്യാന രാഷ്ട്രീയം പരിശോ ധിക്കുക.
15. മലയാള സിനിമയുടെ സ്പേഷ്യൽ ഡൈനാമിക്സ്, സി.എസ് വെങ്കിടേശ്വരന്റെ ‘Local narrative, national and global context’ എന്ന ലേഖനത്തെ മുൻനിർത്തി എഴുതുക.
16. സമകാലിക സിനിമകളിലെ പ്രാദേശിക രാഷ്ട്രീയം ചർച്ച ചെയ്യുക.

******

16. 1970കൾക്കു ശേഷമുള്ള കേരളത്തിലെ ചലച്ചിത്ര നിരൂപകരിൽ ബഹുഭൂരിപക്ഷവും ഫിലിം സൊസൈറ്റി പ്രസ്ഥാനവുമായി ബന്ധപ്പെട്ട് ഉയർന്നുവന്നവരാണ്. അവരുടെ നിരൂപണ ശൈലി ആദ്യകാല നിരൂപകരിൽ നിന്ന് വ്യത്യസ്തമായതിന് ഫിലിം സൊസൈറ്റികൾ വഹിച്ച പങ്കിനെക്കുറിച്ച് ചർച്ച ചെയ്യുക.

*****

തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

**നാലാം സെമസ്റ്റർ അവസാനപരീക്ഷ**

**ജൂലായ് - 2023**

# MUFS C 10425

**എം. എ. ചലച്ചിത്രപഠനം**

# ചലച്ചിത്രവിമർശനകല

സമയം: 3 മണിക്കൂർ — മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. ഐ.എഫ്.എഫ്.കെ (IFFK)
2. ഫിപ്രസി (FIPRESCI)
3. ഭുവൻഷോം
4. ആന്ദ്രേബാസിൻ (Andre Bazin)
5. ചലച്ചിത്ര നിരൂപകൻ നാദിർഷ

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. ചലച്ചിത്രത്തിന്റെ ഭാഷയും വ്യാകരണവും നിർണയിക്കപ്പെടുന്നത് ഏതൊക്കെ ഘടകങ്ങൾ കൊണ്ടാണ്? വിശദീകരിക്കുക.
7. എഴുത്തുഭാഷ ഉല്പാദിപ്പിക്കുന്ന കാഴ്ചയും സിനിമയുടെ ദൃശ്യങ്ങൾ സൃഷ്ടിക്കുന്ന കാഴ്ചയും എങ്ങനെയൊക്കെയാണ് വ്യത്യസ്തത പുലർത്തുന്നതും ചിലപ്പോൾ സാമ്യം പുലർത്തുന്നതും? ചർച്ച ചെയ്യുക.
8. സിനിമ റിവ്യൂവിനെ ഗൗരവമുള്ള ചലച്ചിത്ര പഠനമായി കണക്കാക്കാമോ? ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുക.
9. ചലച്ചിത്ര നിരൂപണം ഏതൊക്കെ രീതിയിലാണ് ചലച്ചിത്ര കലയേയും അതിന്റെ വികാസത്തേയും സ്വാധീനിക്കുന്നതും സഹായിക്കുന്നതും? വിശദീകരിക്കുക.



10. ചലച്ചിത്ര നിരൂപണത്തിന് സിദ്ധാന്തങ്ങൾ ഉപയോഗിക്കുന്നത് എത്രത്തോളം അഭിലഷണീയമാണെന്ന് വിശദീകരിക്കുക.
11. പത്രമാസികകളിലെ സിനിമ റിവ്യുവും ചലച്ചിത്ര അപഗ്രഥന പഠനങ്ങളും എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു? ചർച്ച ചെയ്യുക.
12. മലയാളത്തിലെ ആദ്യകാല നിരൂപകരെയും പിൽക്കാല നിരൂപകരെയും പരാമർശിച്ചുകൊണ്ട് മലയാള ചലച്ചിത്ര നിരൂപണത്തിന്റെ ഒരു ലഘു ചരിത്രം എഴുതുക.
13. ചലച്ചിത്ര നിരൂപണത്തിന്റെ അടിസ്ഥാന തത്വങ്ങൾ വിശദീകരിക്കുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. മൊണ്ടാഷ് എന്ന ചലച്ചിത്ര സിദ്ധാന്തം വിശദീകരിക്കുകയും ബാറ്റിൽഷിപ്പ് പൊതംകിൻ എന്ന സിനിമയിൽ അതെങ്ങനെ പ്രയോഗിക്കപ്പെട്ടിരിക്കുന്നു എന്ന് വിശദീകരിക്കുകയും ചെയ്തുകൊണ്ട് ഒരു കുറിപ്പെഴുതുക.
15. ചലച്ചിത്ര മേളകളിൽ പങ്കെടുക്കുന്ന നിരൂപകരും പ്രേക്ഷകരും ചലച്ചിത്ര പ്രവർത്തകരും ഏതൊക്കെ തരത്തിലുള്ള അറിവുകളാണ് നേടുന്നതെന്നുള്ളതിനെക്കുറിച്ച് ചർച്ച ചെയ്യുക.

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**നാലാം സെമസ്റ്റർ അവസാനപരീക്ഷ**

**ജൂലായ്- 2023**

# MUFS C 10426

**എം. എ. ചലച്ചിത്രപഠനം**

# സിനിമയും സാഹിത്യവും

സമയം: 3 മണിക്കൂർ | മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. 'ബർത്ത് ഓഫ് എ നേഷൻ' ആധാരമായ കൃതി? അതിന്റെ പ്രമേയം?
2. മാക്ബെത്തിന്റെ മരണവും വാഷിസുവിന്റെ മരണവും വ്യത്യസ്തമാകുന്നതെങ്ങനെ?
3. 'പോക്കുവെയിലി'ന് സാഹിത്യത്തോടുള്ളതിനേക്കാൾ ബന്ധം സംഗീതത്തോടാണെന്ന് പറയാൻ കാരണം?
4. അനുവർത്തനത്തിനായി മണികൗൾ തിരഞ്ഞെടുത്ത സാഹിത്യകൃതികൾ?
5. സാഹിത്യകൃതികളെ അവലംബമാക്കുന്നതിനെപ്പെറ്റി ബർഗ്മാന്റെ കാഴ്ചപ്പാട്?

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. ഷേക്സ്പിയറുടെ 'മാക്ബെത്തി'ന് മലയാളത്തിലുണ്ടായ രണ്ട് അനുവർത്തനങ്ങളുടെ സവിശേഷതകൾ എന്തൊക്കെ?
7. ഏറ്റവുമധികം പ്രാവശ്യം അനുവർത്തനം ചെയ്യപ്പെട്ട ഇന്ത്യൻ നോവൽ ഏതാണ്? ആ അനുവർത്തനങ്ങളുടെ സവിശേഷതകൾ വിശദീകരിക്കുക.
8. സിനിമയിലേക്ക് പകർത്തപ്പെട്ട സത്യജിത് റായിയുടെ കുറ്റാന്വേഷണ കഥകൾ?
9. സി.വി ശ്രീരാമനും മലയാള സിനിമയും.
10. ആയിരത്തിത്തൊള്ളായിരത്തി അറുപതുകളിൽ അനുവർത്തനത്തിന് വിധേയമാക്കപ്പെട്ട പ്രധാന മലയാള കൃതികൾ ഏതൊക്കെ? അവയുടെ പ്രത്യേകതകൾ വിവരിക്കുക.
11. മലയാള പുരാണചിത്രങ്ങളിലെ സാഹിത്യബന്ധത്തെപ്പറ്റി വിവരിക്കുക.
12. വൈദേശിക കൃതികൾ മലയാളത്തിലെത്തുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണ്?
13. രചയിതാ സിദ്ധാന്തവും (Auteur theory) അനുവർത്തനങ്ങളും?

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. മൊണ്ടാഷ് സിദ്ധാന്തത്തിന് ആധാരമായ സാഹിത്യാനുഭവങ്ങൾ എന്തൊക്കെയായിരുന്നു?
15. സ്വന്തം സാഹിത്യകൃതികളെ പദ്മരാജൻ തിരക്കഥകളാക്കിയപ്പോഴുണ്ടായ മാറ്റങ്ങപ്പറ്റി ഉപന്യസിക്കുക.
16. അനുവർത്തനത്തിന് ഏറ്റവും സഹായകമായ സാഹിത്യ ശാഖയേത്? എന്തുകൊണ്ട്?

*****

തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

**നാലാം സെമസ്റ്റർ അവസാനപരീക്ഷ**

**ജൂലായ് - 2023**

# MUFS C 10427

**എം. എ. ചലച്ചിത്രപഠനം**

# വിമൻ ഇൻ സിനിമ

സമയം: 3 മണിക്കൂർ　　　　മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. ഫെമിനിസ്റ്റ് സിനിമ
2. മോളി ഹസ്കൽ (Molly Clark Haskell)
3. WCC
4. സുബർണരേഖ
5. ചാരുലത

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. സ്ത്രീ ശരീരത്തെ പുരുഷകാമനകളെ തൃപ്തിപ്പെടുത്തുന്ന വസ്തുവാക്കി, സിനിമകളിൽ ചിത്രീകരിക്കുന്ന രീതികളെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.
7. മായാദെരന്റെ പരീക്ഷണ സിനിമകളെക്കുറിച്ചും മായാദെരനെക്കുറിച്ചും വിശദീകരിച്ചുകൊണ്ട് ഒരു കുറിപ്പ് തയ്യാറാക്കുക.
8. ആലീസ് ഗൈബ്ലാഷേ എന്ന ചലച്ചിത്രകാരിയുടെ സംഭാവനകളെക്കുറിച്ചും അവർക്ക് ലോകസിനിമയുടെ ചരിത്രത്തിലുള്ള സ്ഥാനത്തെക്കുറിച്ചും ചർച്ച ചെയ്യുക.
9. ആദ്യകാല ഇന്ത്യൻ സിനിമകളിലെ പുരാണ സ്ത്രീകഥാപാത്രങ്ങളുടെ ചിത്രീകരണം പിൽക്കാലത്തെ സ്ത്രീ സങ്കല്പത്തെ രൂപപ്പെടുത്തുന്നതിൽ സ്വാധീനം ചെലുത്തിയോ? ചർച്ച ചെയ്യുക.
10. പ്രതിലോമപരമായ കുടുംബനിർമ്മിതിയിൽ വാണിജ്യ സിനിമകളുടെ യുക്തിയും ആശയങ്ങളും പ്രവർത്തിക്കുന്നതെങ്ങനെയെന്ന് വിശദമാക്കുക.



11. പുരുഷ കേന്ദ്രീകൃതമായിരുന്ന ചലച്ചിത്ര മേളകളിൽ സ്ത്രീകളുടെ സാന്നിധ്യം കൂടുതൽ സിനിമകളിലും സമൂഹത്തിലും എന്തൊക്കെ മാറ്റങ്ങൾ സൃഷ്ടിക്കും? ചർച്ച ചെയ്യുക.
12. ഫെമിനിസ്റ്റ് ആശയങ്ങൾ ഏതൊക്കെ തരത്തിലാണ് സിനിമയുടെ വിശകലനപഠനങ്ങളിൽ പ്രയോജനപ്പെടുത്തുന്നത്? വിശദമാക്കുക.
13. മലയാള സിനിമ ചരിത്രത്തിലെ പ്രധാന നടിമാരായ ഷീല, ശാരദ എന്നിവരുടെ ചില സിനിമകളെയും കഥാപാത്രങ്ങളെയും മുൻനിർത്തി ഒരു കുറിപ്പെഴുതുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. പ്രവാസി വനിതാസംവിധായികയായ ദീപാ മേത്തയെക്കുറിച്ചും അവരുടെ സിനിമകളെക്കുറിച്ചും അവർ നേരിട്ട എതിർപ്പുകളെക്കുറിച്ചും വിശദമായ കുറിപ്പ് തയ്യാറാക്കുക.
15. 'മിർച്ച് മസാല' ഒരു സ്ത്രീപക്ഷ സിനിമയായി വിശേഷിപ്പിക്കപ്പെടുന്നത് എന്തുകൊണ്ട്? കഥാപാത്രങ്ങളെയും കഥാസന്ദർഭങ്ങളെയും അടിസ്ഥാനമാക്കി വിശദീകരിക്കുക.
16. ഇന്ത്യൻ സിനിമയിലെ സ്ത്രീ സംവിധായികമാരുടെ സാന്നിധ്യം വളർന്നുവന്നതിന്റെ ചരിത്രം അവരുടെ സിനിമകളെക്കൂടി പരാമർശിച്ചുകൊണ്ട് എഴുതുക.

******

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**നാലാം സെമസ്റ്റർ അവസാനപരീക്ഷ**

**ജൂലായ് - 2023**

# MUFS C 10430

**എം. എ. ചലച്ചിത്രപഠനം**

# ആഗോളസിനിമ

സമയം: **3** മണിക്കൂർ — മാർക്ക് **70**

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. "ബ്രെസ്സോൺ രണ്ടു വർഷമെടുത്തു നിർമ്മിക്കുന്ന ഒരു ചിത്രം മൂന്നുമാസം കൊണ്ട് അദ്ദേഹം തീർക്കുന്നു. അതേ കലാഭംഗിയോടെ, അതേ പൂർണ്ണതയോടെ" ആരെപ്പറ്റിയാണ് ഗൊദാർദ് ഇങ്ങനെ പറയുന്നത്?

2. ചലച്ചിത്രപരമായ കുറോസാവയുടെ കാഴ്ചപ്പാടുകളെ സ്വാധീനിച്ച ഹോളിവുഡ് സംവിധായകനാര്?

3. 'ബെർലിൻ:സിംഫണി ഓഫ് എ ഗ്രേറ്റ് സിറ്റി'യുടെ പ്രത്യേകതയെന്ത്?

4. ഗബ്രിയേൽ ഗാർഷ്യ മാർക്കേസിന്റെ 'ക്ലാൻഡസ്റ്റൈൻ ഇൻ ചിലി' ഏത് ചിലിയൻ സംവിധായകന്റെ കഥ യാണ് പറയുന്നത്?

5. ബെൻ കിങ്സിലി ഒരു ചലച്ചിത്ര സംവിധായകനെയും ഒരു രാഷ്ട്ര നേതാവിനെയും അവതരിപ്പിച്ചു. കഥാ പാത്രങ്ങളും ചിത്രങ്ങളും?

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. ഷാൻ റെനോറിന്റെ ചലച്ചിത്രങ്ങൾ?

7. സൈഗിൻസേവും റഷ്യൻ സിനിമയും?

8. 'ഡെക്കാലോഗി'ന്റെ അകപ്പൊരുൾ?

9. ഗ്ലോബേർ റോഷയുടെ ചലച്ചിത്രാന്വേഷണങ്ങൾ.

10. ബോങ് ജൂൺ ഹോയുടെ നേട്ടങ്ങൾ?



11. ഒറ്റ ഷോട്ടിൽ അവതരിപ്പിക്കപ്പെടുന്ന ഫീച്ചർ സിനിമകൾ?

12. ഹോളിവുഡ് സിനിമയിലെ അതി മാനുഷർ?

13. ചലച്ചിത്രമേളകളുടെ വർത്തമാനാവസ്ഥ?

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. ജർമ്മൻ സിനിമയുടെ ഉയിർത്തെഴുന്നേൽപ്പ്?

15. ഫ്രഞ്ച് നവതരംഗം?

16. ഹോളിവുഡ് സിനിമയിലെ ലാറ്റിനമേരിക്കൻ സാന്നിദ്ധ്യം?

******